# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഏപ്രിൽ 5

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ രണ്ടാം സെമസ്റ്റർ ബി.എ. ക്രിമിനോളജി എൽ.എൽ.ബി. (ഓണേഴ്സ്) പഞ്ചവത്സര ഇന്റഗ്രേറ്റഡ് (2011 അഡ്മിഷൻ സപ്ലിമെന്ററി), ബി.എ. എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് (2012-2014 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ സപ്ലിമെന്ററി), പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി. (ഓണേഴ്സ് - 2013, 2014 അഡ്മിഷൻ സപ്ലിമെന്ററി, 2017 അഡ്മിഷൻ റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ 26ന് ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ എട്ടുവരെയും 500 രൂപ പിഴയോടെ ഒൻപതുവരെയും 1000 രൂപ സൂപ്പർഫൈനോടെ 10 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിനു പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/675/2019)

**അപേക്ഷ തീയതി**

അഞ്ചാം സെമസ്റ്റർ (2013, 2014, 2015, 2016 അഡ്മിഷൻ - പരാജയപ്പെട്ട വിദ്യാർഥികൾക്ക് മാത്രം) സി.ബി.സി.എസ്.എസ്. യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ എട്ടുവരെയും 500 രൂപ പിഴയോടെ 10 വരെയും 1000 രൂപ സൂപ്പർഫൈനോടെ 12 വരെയും അപേക്ഷിക്കാം. സർവകലാശാല വെബ്സൈറ്റിൽ നിന്ന് അപേക്ഷഫോം ഡൗൺലോഡ് ചെയ്യുന്ന വിദ്യാർഥികൾ അപേക്ഷ ഫോമിന്റെ വിലയായി 25 രൂപയും പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി സെമസ്റ്ററിന് 200 രൂപ) സി.വി.ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. 2013 അഡ്മിഷൻ വിദ്യാർഥികൾ മാർക്ക് ലിസ്റ്റ് ഫീസായി 50 രൂപയും അടയ്ക്കണം. വിദ്യാർഥികൾ രജിസ്ട്രേഷൻ ഫീസായി 50 രൂപയും പരീക്ഷഫീസിന് പുറമെ അടയ്ക്കണം. ഇന്റേണൽ റീഡുവിന് അപേക്ഷിക്കുന്നവർ പേപ്പറൊന്നിന് 100 രൂപ വീതവും പ്രോജക്ട് മൂല്യനിർണയത്തിന് അപേക്ഷിക്കുന്നവർ പ്രോജക്ട് മൂല്യനിർണയ ഫീസായി 100 രൂപയും അടയ്ക്കണം. 2014, 2015, 2016 അഡ്മിഷൻ വിദ്യാർഥികൾ മാർക്ക് ലിസ്റ്റ് ഫീസടയ്ക്കേണ്ടതില്ല. അപേക്ഷ സർവകലാശാല ഓഫീസിൽ നേരിട്ട് നൽകണം.

(പി.ആർ.ഒ./39/676/2019)

**പരീക്ഷ ഫലം**

2018 ഡിസംബറിൽ നടന്ന ആറാം സെമസ്റ്റർ ബി.എച്ച്.എം. (2015 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/677/2019)

2018 ഏപ്രിലിൽ സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. എൻവയൺമെന്റൽ സയൻസ് ആന്റ് മാനേജ്മെന്റ്, എൻവയൺമെന്റൽ സയൻസ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (എൻവയൺമെന്റൽ ആന്റ് അറ്റ്മോസ്ഫിയറിക് സയൻസസ് ഫാക്കൽറ്റി - സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/677/2019)

2019 ജനുവരിയിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/678/2019)

## പി.എച്ച്.ഡി. നൽകി

ഇക്കണോമിക്സിൽ സി.പി. രശ്മി, സോഷ്യൽ വർക്കിൽ ഫ്രാൻസിന പി. എക്സ്, ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സിൽ പി. അഷ്റഫ്, ഹിന്ദിയിൽ കെ. പ്രവിത ലക്ഷ്മി, റെക്സി ടോം, പിങ്കി മേരി രാജ്, ഇംഗ്ലീഷിൽ സി.എം. മനോജ് കുമാർ, കൊമേഴ്സിൽ എൻ. പ്രദീപ് കുമാർ, പി. രജനി, കെ.ആർ. ഇന്ദു, ബിനിജ ജോർജ്, കെ.ജെ. ഷിജുമോൻ, ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസിൽ എൻ. സരോജം, മലയാളത്തിൽ മിനി സെബാസ്റ്റ്യൻ, സി.എസ്. സേവിയർ, റ്റിയ മറിയം ജേക്കബ്, സാൽവിൻ കെ. തോമസ്, ഇക്കണോമിക്സിൽ രേവതി കെ. ശിവദാസ്, സോഷ്യോളജിയിൽ ഡോണ ജോൺ, പൊളിറ്റിക്കൽ സയൻസിൽ മറിയാമ്മ ജേക്കബ്, ഫിസിക്സിൽ പി.വി ആത്മ, സാവിത്രി എച്ച്. ഏഴിക്കോട്, എ.കെ. തോമസ്, എസ്. പ്രശാന്ത്, റീന എലിസബത്ത് ജോൺ, എൻവയൺമെന്റൽ സയൻസസിൽ ജോയ്സ് കെ. ജോസഫ്, ഡാനിയ എം. തോമസ്, ശ്രുതി എസ്. നായർ, ബോട്ടണിയിൽ കെ.ആർ. ശ്രീജേഷ്, കമ്പ്യൂട്ടർ സയൻസിൽ ജെ. കാഞ്ചന, റ്റെറി ജേക്കബ് മാത്യു, ജിന വർഗീസ്, കെമിസ്ട്രിയിൽ കെ.എസ്. ദിവ്യ, കെ.എസ്. അമ്പിളി, എജ്യുക്കേഷനിൽ പി. ഇന്ദു, കെ.ജെ. മേരി, ഇ. ബറ്റ്സി ജോസഫ്, എസ്. അമ്പിളി, സുവോളജിയിൽ പി.എൻ ഗീത, ഫൈൻ ആർട്സിൽ വി.എം. റോസ് ലിജിയ, ബയോടെക്നോളജിയിൽ ശീതൾ ശിവൻകുട്ടി, ഇലക്ട്രോണിക്സിൽ കെ.എം. ജീവൻ, ബിസിനസ് അഡ്മിനിസ്ട്രേഷനിൽ എലിസബത്ത് ഡൊമിനിക്, മാത്തമാറ്റിക്സിൽ ഏഴ്സല പോൾ, മഞ്ജു രാജു, ബയോകെമിസ്ട്രിയിൽ മൊഹിന്ദ് സി മോഹൻ എന്നിവർക്ക് പി.എച്ച്.ഡി. നൽകാൻ മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് തീരുമാനിച്ചു.

(പി.ആർ.ഒ./39/679/2019)

## എൻ.എസ്.എസ്. പ്രോഗ്രാം ഓഫിസർമാരുടെ സമ്മേളനം ഇന്ന് (ഏപ്രിൽ 6)

കോട്ടയം ജില്ലയിൽ മഹാത്മാ ഗാന്ധി സർവകലാശാലയുടെ കീഴിലുള്ള നാഷണൽ സർവീസ് സ്കീം പ്രോഗ്രാം ഓഫീസർമാരുടെ സമ്മേളനം ഇന്ന് (ഏപ്രിൽ 6) രാവിലെ 11ന് കോട്ടയം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. അംഗപരിമിതരെ പോളിങ് ബൂത്തിൽ എത്തിക്കുന്നതിൽ എൻഎസ്എസ് വോളന്റിയർമാരെ ചുമതലപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യും. പ്രോഗ്രാം ഓഫീസർമാർ എത്തണമെന്ന് എൻഎസ്എസ് പ്രോഗ്രം കോ ഓർഡിനേറ്റർ പ്രൊഫ. എം ജെ മാത്യു അറിയിച്ചു.

(പി.ആർ.ഒ./39/680/2019)

## എം.ജി.യിൽ ജീവനക്കാർക്കായി
## പുതിയ പ്രൊവിഡന്റ് ഫണ്ട് പോർട്ടൽ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ജീവനക്കാരുടെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് വിവരങ്ങൾ ഇനി ഓൺലൈനിൽ. എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പോർട്ടലിലൂടെ ജീവനക്കാർക്ക് പ്രൊവിഡന്റ് ഫണ്ട് വിഹിതം, വായ്പാ വിവരങ്ങൾ, ക്രെഡിറ്റ് കാർഡ് എന്നിവ ഓൺലൈനായി അറിയാം. പി.എഫ്. വായ്പയ്ക്ക് ഓൺലൈനായി അപേക്ഷ നൽകാം.

യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് employee.mgu.ac.in എന്ന വെബ്സൈറ്റിലൂടെ അക്കൗണ്ട് വിവരങ്ങളിലേക്ക് കടക്കാം. ജീവനക്കാർക്ക് അനായാസകരമായി പ്രൊവിഡന്റ് ഫണ്ട് വിവരങ്ങൾ ലഭ്യമാക്കുന്നതാണ് പോർട്ടൽ.

വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. കെ.എം. സീതി പോർട്ടലിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, വി.എസ്. പ്രവീൺകുമാർ, രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ, സെനറ്റംഗം പി. പത്മകുമാർ, വിവിധ ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയിൽ പുതുതായി ആരംഭിച്ച എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് പോർട്ടലിന്റെ ഉദ്ഘാടനം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. കെ.എം. സീതി ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/681/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ